# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : **3458** **08/11/2019** ൽ മറുപടിയ്ക്ക്

## ചീഫ് ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ഓഫീസുകൾ

ചോദ്യം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഉത്തരം

എ.സി മൊയ്തീൻ

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ചീഫ് ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) എന്നിങ്ങനെയുള്ള മൂന്ന് ഓഫീസുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br>തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ചീഫ് ടൗൺ പ്ലാനർ, ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) എന്നിങ്ങനെയുള്ള മൂന്ന് ഓഫീസുകൾ പ്രവർത്തിച്ച് വരുന്നു. |
| (ബി) | 2019 വർഷത്തിൽ ഈ മൂന്ന് ഓഫീസുകളിലും കൈകാര്യം ചെയ്ത ഫയലുകളുടെ എണ്ണം എത്ര; ഓഫീസ് തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കുമോ; | (ബി) | 2019 വർഷത്തിൽ ഈ മൂന്ന് ഓഫീസുകളിലും കൈകാര്യം ചെയ്ത ഫയലുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു |

| ക്രമ നം. | ജില്ല | ചീഫ് ടൗൺ പ്ലാനർ ഓഫീസ് | ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) | ചീഫ് ടൗൺ പ്ലാനർ (വിജിലൻസ് വിംഗ്) |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 501 | 126 | 454 |
| 2 | കൊല്ലം | 117 | 16 | 41 |
| 3 | ആലപ്പുഴ | 118 | 16 | 38 |
| 4 | പത്തനംതിട്ട | 90 | 6 | 30 |
| 5 | കോട്ടയം | 124 | 51 | 35 |
| 6 | ഇടുക്കി | 55 | 23 | 12 |

| | | | | |
|---|---|---|---|---|
| 7 | തൃശ്ശൂർ | 144 | 44 | 34 |
| 8 | എറണാകുളം | 240 | 67 | 67 |
| 9 | പാലക്കാട് | 91 | 28 | 10 |
| 10 | മലപ്പുറം | 143 | 36 | 14 |
| 11 | കോഴിക്കോട് | 157 | 34 | 29 |
| 12 | വയനാട് | 67 | 11 | 0 |
| 13 | കണ്ണൂർ | 119 | 23 | 16 |
| 14 | കാസർഗോഡ് | 112 | 11 | 4 |
| 15 | മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം | 993 | 72 | |
| ആകെ | | 3071 | 564 | 784 |

(സി) നിലവിൽ ചീഫ് ടൗൺ പ്ലാനർ സി.റ്റി.പി. (വിജിലൻസ്) വകുപ്പിന്റെ കീഴിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നുണ്ട്; ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) വിജിലൻസ് വിഗിംൽ നിലവിൽ ആകെ 14 ജീവനക്കാർ ജോലി നോക്കിവരുന്നു. വിജിലൻസ് വിംഗിന് ജില്ലാ തല ഓഫീസുകൾ ഇല്ല.

(ഡി) ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ഓഫീസിൽ 2019-ൽ ലഭിച്ച പരാതികൾ എത്ര ഫയലുകൾ എത്ര അതിൽ എത്രയെണ്ണം പരിശോധിച്ചു; എത്ര ഫയലിൽ ശരിയായ നടപടികൾ സ്വീകരിച്ചു എന്നീ വിവരങ്ങൾ ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) വിജിലൻസ് വിംഗിൽ 2019-ൽ ലഭിച്ച പരാതികൾ,ഫയലുകൾ പരിശോധിച്ച ഫയലുകൾ എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ലഭിച്ച പരാതികളുടെ എണ്ണം | ഫയലുകളുടെ എണ്ണം | പരിശോധിച്ച ഫയലുകളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 237 | 488 | 226 |
| 2 | കൊല്ലം | 72 | 72 | 30 |
| 3 | ആലപ്പുഴ | 51 | 51 | 26 |
| 4 | പത്തനംതിട്ട | 32 | 32 | 13 |
| 5 | കോട്ടയം | 97 | 97 | 22 |
| 6 | ഇടുക്കി | 29 | 29 | 5 |
| 7 | തൃശ്ശൂർ | 89 | 89 | 16 |
| 8 | എറണാകുളം | 150 | 150 | 50 |

| | | | | |
|---|---|---|---|---|
| 9 | പാലക്കാട് | 21 | 21 | 4 |
| 10 | മലപ്പുറം | 47 | 47 | 7 |
| 11 | കോഴിക്കോട് | 51 | 51 | 12 |
| 12 | വയനാട് | 9 | 9 | 0 |
| 13 | കണ്ണൂർ | 36 | 36 | 8 |
| 14 | കാസർഗോഡ് | 19 | 19 | 2 |
| ആകെ | | 940 | 1191 | 421 |

| | | | |
|---|---|---|---|
| ഇ) | ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ശരിയായ രീതിയിൽ പരാതികൾ പരിശോധിക്കാതിരിക്കുകയും തെറ്റായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരാതികൾ പരിശോധിക്കുന്ന രീതി സർക്കാർ തലത്തിൽ പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ; | (ഇ) | ഇല്ല.<br>03.10.2013-ലെ G.O(Ms)No.2459/2013/LSGD സർക്കാർ ഉത്തരവിന് അനുസൃതമായാണ് വിജിലൻസ് വിംഗ് നിലവിൽ പ്രവർത്തിച്ചു വരുന്നത്.<br>വിജിലൻസ് വിംഗിൽ ലഭിക്കുന്ന പരാതികളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ടൗൺ പ്ലാനിംഗ് ഓഫീസുകൾ എന്നിവയിൽനിന്നും ഫയലുകൾ ലഭ്യമാക്കി ആയത് വിശദമായി പരിശോധിച്ചും സ്ഥല പരിശോധന നടത്തിയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഉൾപ്പെടെയുള്ള നിയമങ്ങൾക്കനുസൃതമായി പരാതി സംബന്ധിച്ച വിഷയങ്ങൾ പരിശോധിക്കുകയും നടപടി ശുപാർശ സഹിതം സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയുമാണ് നിലവിൽ വിജിലൻസ് വിംഗിൽ ചെയ്തുവരുന്നത്. |
| (എഫ്) | ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) വിഭാഗത്തിന്റെ ജോലി സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; നിലവിൽ 2019-ൽ പൂർത്തിയാക്കിയ മാസ്റ്റർ പ്ലാനുകൾ എത്രയാണ്; വിശദമാക്കുമോ; | (എഫ്) | ഉണ്ട്.<br>2019-ൽ പൊന്നാനി, നിലമ്പൂർ രണ്ടു മാസ്റ്റർ പ്ലാനുകൾക്ക് സർക്കാർ അന്തിമ അനുമതി നൽകുകയും മൂന്ന് മാസ്റ്റർ പ്ലാനുകൾക്ക് (നെടുമങ്ങാട്, പന്തളം, സുൽത്താൻ ബത്തേരി) പ്രസിദ്ധീകരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 2019 ഒക്ടോബർ മാസത്തെ സ്ഥിതിയനുസരിച്ച് സംസ്ഥാനത്ത് 25 അംഗീകൃത മാസ്റ്റർ പ്ലാനുകളും 18 പ്രസിദ്ധീകൃത മാസ്റ്റർ പ്ലാനുകളും നിലവിലുണ്ട്. ഇത് കൂടാതെ നാല് മാസ്റ്റർ പ്ലാനുകൾ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകിയിട്ടുമുണ്ട്.<br><br>കേന്ദ്ര പദ്ധതികളായ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി ഏരിയ ബേസ്ഡ് ഡെവലപ്പ്മെന്റ് പ്ലാനുകൾ/അമൃത് പട്ടണങ്ങളുടെ ജി.ഐ.എസ് അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കൽ എന്നിവയും മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) ന്റെ ചുമതലയിൽപ്പെടുന്നു. തിരുവനന്തപുരം പട്ടണത്തിനായുള്ള ലോക്കൽ ഏരിയ പ്ലാൻ, ടൗൺ പ്ലാനിംഗ് സ്കീം എന്നിവയുടെ നോഡൽ ഓഫീസറായും മുഖ്യ നഗരാസൂത്രകൻ (പ്ലാനിംഗ്) പ്രവർത്തിക്കുന്നു. |

**സെക്ഷൻ ഓഫീസർ**